**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.718** **11.07.2016 -ൽ മറുപടിക്ക്**

**ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| | | **ശ്രീ. ജി.സുധാകരൻ** |
| **ശ്രീ.കെ. കെ.രാമചന്ദ്രൻ നായർ** | | **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ കെ.എസ്.ടി.പി. പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ - ഏറ്റുമാനൂർ സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. ഈ റോഡിൽ ചെയിനേജ് 1+558 ൽ വരുന്ന ഇറപ്പുഴ പാലത്തിന്റെ നിർമ്മാണ വേളയിൽ പൈലിംഗിലുണ്ടായ പ്രശ്നങ്ങൾ കാരണം ചെറിയ കാലതാമസം സംഭവിച്ചിരുന്നു. ഇപ്പോൾ പണികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കരാറുകാരൻ മന:പൂർവ്വമായ കാലതാമസം സൃഷ്ടിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കാലതാമസം സംഭവിക്കാതിരിക്കാനായി 2017 ജനുവരി മാസത്തോടെ ഈ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഗതാഗത തടസ്സം ഒഴിവാക്കാനായി പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (സി) | കെ.എസ്.റ്റി.പി-സർക്കാർ-ലോകബാങ്ക് തലത്തിൽ ഈ നിർമ്മാണ പ്രവൃത്തിയുടെ വിശദമായ അവലോകനം നടത്തുന്നുണ്ട്. ഇതിൻ പ്രകാരം ഈ പാലം ഉൾപ്പെടെയുള്ള ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ